# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3060** **19.06.2018 ൽ മറുപടിയ്ക്ക്**

## ഓണക്കാലത്തെ പച്ചക്കറികളുടെ ആവശ്യം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.യു. ആർ. പ്രദീപ്** | **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് ഓണക്കാലത്ത് ശരാശരി എത്ര ടൺ പച്ചക്കറിയുടെ ആവശ്യം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ; | എ) ഓണക്കാലത്ത് 34,400.6 മെട്രിക് ടൺ പച്ചക്കറി ആവശ്യമായി വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| ബി) ഓണക്കാലത്ത് പച്ചക്കറിയുടെ വർദ്ധിച്ച ആവശ്യം കണക്കിലെടുത്ത് പച്ചക്കറി ഉല്പാദനം വർദ്ധിപ്പിയ്ക്കാൻ കൃഷിവകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ? | ബി) ഓണക്കാലത്ത് പച്ചക്കറിയുടെ വർദ്ധിച്ച ആവശ്യം കണക്കിലെടുത്ത് പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുവാൻ കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'ഓണത്തിന് ഒരു മുറം പച്ചക്കറി'. ഇതിനായി കൃഷി വകുപ്പിന്റെ പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയ്ക്കായി വിത്തുകൾ, തൈകൾ, തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ എന്നിവ നൽകി വരുന്നു.<br>വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി കർഷകർക്ക് 10 രൂപ വിലവരുന്ന വിവിധ ഇനങ്ങൾ അടങ്ങിയ 40 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകൾ നൽകുന്നതാണ്. കൂടാതെ സന്നദ്ധ സംഘടനകൾ മുഖേന 10 രൂപ വിലവരുന്ന 5 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകളും കർഷകർക്ക് വിതരണം ചെയ്തു വരുന്നു. ഇതിനു പുറമേ 90.9 ലക്ഷം പച്ചക്കറി തൈകളും കർഷകർക്ക് വിതരണം ചെയ്യുന്നതാണ്. മീഡിയ വഴിയും 12 |

ലക്ഷം വിത്തുപായ്ക്കറ്റുകൾ വിതരണം ചെയ്യുന്നുണ്ട്. കൂടാതെ പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം 1000 ക്ലസ്റ്ററുകൾക്ക് ക്ലസ്റ്റർ ഒന്നിന് 75,000/- രൂപ വീതം ധനസഹായം നൽകുന്നു. 2000 പമ്പ് സെറ്റ്, 2000 സസ്യ സംരക്ഷണ ഉപാധികൾ എന്നിവ വാങ്ങുന്നതിന് ധനസഹായം നൽകുന്നു. തരിശു നില കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 30,000/- രൂപ നിരക്കിൽ 1000 ഹെക്ടറിന് ധനസഹായം നൽകുന്നു. സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് ഹെക്ടറൊന്നിന് 15,000/- രൂപ നിരക്കിൽ 2176 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുവാൻ ധനസഹായം നൽകുന്നു. ഇതു കൂടാതെ നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും, ഹരിത ഫണ്ട്, പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ വിത്തുല്പാദനം, വിതരണം, പ്രചരണം എന്നിവയ്ക്കും ഭൗമ സൂചിക ഇനങ്ങളുടെ പ്രചരണത്തിലേയ്ക്കുമായി പ്രത്യേക ധനസഹായം ഈ പദ്ധതി ഘടകത്തിൻ കീഴിൽ നൽകുന്നു. കൂടാതെ ശീമച്ചക്ക, മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ വാണിജ്യാ ടിസ്ഥാനത്തിലുള്ള ഉല്പാദനത്തിനും അഗ്രോ സർവ്വീസ് സെന്ററുകൾ മുഖാന്തിരം നഴ്സറികൾ സ്ഥാപിക്കുന്നതിനും ധനസഹായം നൽകുന്നു. ടി പദ്ധതി ഘടകങ്ങൾ നടപ്പിലാകുന്നതിലൂടെ ഓണക്കാലത്ത് പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും വിഷാംശമില്ലാത്ത പച്ചക്കറി ലഭ്യമാക്കുന്നതിനും സാധിക്കും. 2017-18 സാമ്പത്തിക വർഷത്തിൽ ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയിൽ 18639 ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്യുകയും അതിൽ നിന്നും 96899 ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. സർക്കാരിന്റെ ശക്തമായ ഇടപെടലിനെ തുടർന്ന് 6.28 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിച്ചിരുന്നത് രണ്ട് വർഷം കൊണ്ട് 10.12 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

Mayal

**സെക്ഷൻ ഓഫീസർ**